പിന്നെ ബ്ലോക്ക് ഡെവലപ്പ്മെന്റ് ആഫീസറുടെ കാര്യം. ഓരോ ബ്ലാക്കിലും പഞ്ചായത്തുകളും കൂട്ടിച്ചേർത്തുകൊണ്ട് യൂണിയൻ കൗൺസിലുകൾ രൂപീകരിക്കുമെന്നു വിചാരിക്കുന്നു. ഇവിടെ ബ്ലാക്ക് എന്നു പ്രത്യേകമായി എടുത്തു പറഞ്ഞിട്ടില്ല എങ്കിലും അതാണ് ഉദ്ദേശം എന്നു മനസ്സിലാക്കുന്നു ബ്ലോക്കുകളുടെ കീഴിലുള്ള വികസന പ്രവർത്തനങ്ങൾ പ്രധാനമായും ദേശീയവികസനം, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് എന്നിവയാണ്. ഇന്നു ബ്ലോക്ക് അഡൈ്വസറി കമ്മിറ്റികളും മാത്രമേ നിലവിലുള്ളൂ. ബ്ലോക്ക് അഡൈ്വസറി കമ്മിറ്റികളും പ്ലാൻ ചെയ്യുന്നതാണ്. അവക്ക് ഉപദേശം കൊടുക്കുന്നതിനുള്ള അധികാരം മാത്രമേ ഉള്ളൂ. അവ മാറിയിട്ട് തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി നിലവിൽ വരികയും അവക്ക് അധികാരം കൈമാറുകയും ചെയ്യണം എന്നാണ് ഈ ബില്ലിന്റെ ഉദ്ദേശം എന്നു തോന്നുന്നു. അതുതന്നെയാണ്, സ്വാഗതാർഹമാണ്. അതുതന്നെയും സമ്മതിക്കുവാൻ തയാറാണ്. അതിനെ സംബന്ധിച്ചിടത്തോളം ആണെങ്കിൽ പ്രധാന സംഗതി കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാമാണ്. എനിക്ക് അഭിപ്രായപ്പെടാനുള്ളതു പഞ്ചായത്തിന്റെ പ്രമുഖതലയും പഞ്ചായത്തു കൗൺസിലിന്റെ പ്രമുഖതലയും വേർതിരിക്കുന്നതിനുള്ളമാർഗ്ഗം ഇതാണ്. കൗൺസിലിന്റെ പ്രമുഖതലയിൽ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം, അല്ലെങ്കിൽ നാഷണൽ എക്സ്റ്റൻഷൻ പ്രോഗ്രാം നടപ്പാക്കുക എന്നതായിരിക്കണം പ്രധാനം. പഞ്ചായത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളെന്നിച്ചു കോ—ഓർഡിനേറ്റു ചെയ്തു കൊണ്ടുപോകുക. ബ്ലാക്ക് ലവലിൽ അതു വേണ്ടിവരും. പഞ്ചായത്തിനെ അതിന്റെ പരിധിയിൽ ഒതുക്കി നിറുത്തിക്കൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങൾ പഞ്ചായത്തു യൂണിയൻ കൗൺസിലിനെ ഏല്പിക്കുക. ഇങ്ങനെയുള്ള ഒരു വിഭജനം നടപ്പിൽവരുത്തുകയാണെങ്കിൽ വലിയ കുഴപ്പം ഉണ്ടാകുകയില്ല. പ്രധാനമായിട്ടുള്ള പ്രമുഖതലകൾ നിറവേറ്റാൻ പഞ്ചായത്തു കൗൺസിലിനു എത്രത്തോളം അധികാരമുണ്ടെന്നുള്ളതു സംശയമാണ്. ഡെവലപ്പ്മെന്റ് ആഫീസർഗവണ്മെന്റ് ഉദ്യോഗസ്ഥനാണ്. അയാളുടെ പ്രമുഖതലാധികാരങ്ങൾ ഇവിടെ എഴുതി വച്ചിരിക്കുന്ന രൂപത്തിൽ പരിശോധിക്കുകയാണെങ്കിൽ യൂണിയൻ കൗൺസിലിന്റെ അധികാരം എത്രത്തോളം പരിമിതമാണെന്നു കാണാവുന്നതാണ്.

10 a. m. **Mr. Speaker :** Mr. Achutha Menon, you can continue next day, as it is now time for Private Members Business.

Private Members Business.

Shri K. V. Narayanan : Sir, I move that the Fourth Report of the Committee on Private Members' Bills and Resolutions in 1964, be adopted.

Smt. K. R. Saraswathi Amma : I second it.

The motion was put and carried.

Mr. Speaker : Now we pass on to Resolutions on Matters of Greneral Public Interest.

RESOLUTIONS.

(1) Ayurvedic Medicines and Prohibition Act.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : സർ, ഞാൻ എന്റെ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നു:—

"ആയുർവേദ ചികിത്സയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ടോണിക്കുകളായ ആസവാരിഷ്ടങ്ങളുടെ മേൽ, മദ്യനിരോധന നിയമപ്രകാരം ചുമത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എടുത്തുകളയണമെന്ന് ഈ സഭ തീരുമാനിക്കുന്നു."

2/1771/V,

LIBRARY ARCHIVES Kerala Legislative Assembly